"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഉപയോഗ ശൂന്യമായ വാഹനങ്ങൾ ഉൾപ്പെടെയുള്ള സ്ക്രാപ്പ് - e-auction വഴി ലേലം ചെയ്തിട്ടും വിറ്റ് പോകാത്ത സാഹചര്യത്തിൽ ടി സാധനങ്ങൾ സർക്കാർ സ്ഥാപനങ്ങൾക്ക് വിൽപ്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വ്യയം - ബി) വകുപ്പ്**

**സ.ഉ.(കൈ)നം.161/2025/ധന** **തീയതി, തിരുവനന്തപുരം, 17/12/2025.**

---

പരാമർശം:- 1. 26.10.2022 തീയതിയിലെ സ.ഉ(കൈ)നം.188/2022/ധന

2. 28.07.2025 തീയതിയിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് ലേബർ ഫെഡ് ചെയർമാൻ നൽകിയ നിവേദനം.

**ഉത്തരവ്**

എല്ലാ സർക്കാർ വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സർക്കാരിന് കീഴിലുള്ള മറ്റ് എല്ലാ സ്ഥാപനങ്ങളും usable/unusable/serviceable/unserviceable stores, materials/articles including scrap and old vehicles എന്നിവയുടെ വിൽപ്പനയ്ക്കായി M/s MSTC ലിമിറ്റഡ് അല്ലെങ്കിൽ GeM അല്ലെങ്കിൽ NIC എന്നിവയിൽ ഏതെങ്കിലും e-auction പ്ലാറ്റ്ഫോമുകളുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് പരാമർശം (1) ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

2. എന്നാൽ മേൽപറഞ്ഞ e-auction പ്ലാറ്റ് ഫോമുകൾ വഴി വിൽപ്പന നടത്തുമ്പോൾ വിറ്റ് പോകാത്ത സാധനങ്ങൾ വീണ്ടും വിൽപ്പന നടത്താൻ സർക്കാർ അനുമതി തേടണം എന്ന നിലവിലെ നിബന്ധന, ഉപയോഗ ശൂന്യമായ സാധനങ്ങൾ സമയബന്ധിതമായി വിറ്റ് പോകാതെ കുമിഞ്ഞുകൂടുന്നതിന് കാരണമാകുന്നു എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനവധി തവണ e-auction നടത്തുന്നത് ഫലപ്രദമാകുന്നില്ല എന്നും കാണുന്നു. കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന് (ലേബർഫെഡ്) എല്ലാ വകുപ്പുകളിലെയും സർക്കാർ അനുബന്ധ സ്ഥാപനങ്ങളുടെയും scrap materials (including vehicles/scrap vehicles/serviceable

vehicles etc) സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിച്ച് വില്പന നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം e-auction പ്ലാറ്റ്ഫോമുകൾ വഴി വിൽപ്പന നടത്തുന്ന സാധനങ്ങൾ ഒരു തവണ ലേലം ചെയ്തിട്ടും വിറ്റു പോകാത്ത സാഹചര്യത്തിൽ ടി സാധനങ്ങൾക്ക് പ്രാപ്തനായ അധികാരി നിശ്ചയിച്ച് നൽകിയിട്ടുള്ള വിലയ്ക്ക് ഏറ്റെടുക്കുവാൻ ലേബർഫെഡിന് അനുമതി നൽകി ഉത്തരവാകുന്നു. മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും സമാന അധികാരം നൽകുന്നതും താൽപ്പര്യമുള്ള സ്ഥാപനങ്ങൾ ഇക്കാര്യം അറിയിച്ച് ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ടി പ്രൊപ്പോസൽ പരിശോധിച്ച് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്. അത്തരത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന സ്ഥാപനങ്ങൾക്കും മേൽപറഞ്ഞ സാധനങ്ങൾ നേരിട്ട് വിൽപ്പന നടത്താവുന്നതാണ്. സംസ്ഥാനത്ത് ആർ.വി.എസ്.എഫ് പ്രവർത്തനക്ഷമമാകുന്നതു വരെ ലേബർഫെഡിന് എംപാനൽഡ് ഏജൻസിയായി തുടരാവുന്നതാണ്. e-auction പ്ലാറ്റ് ഫോമുകൾ വഴി വിൽപ്പന നടത്തുന്നതിനായി ഒരു തവണ ലേലം ചെയ്തിട്ടും വിറ്റു പോകാത്ത സാധനങ്ങൾ കൈവശമുള്ള സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ e-auction platform വഴി ലേലം നടന്ന ശേഷം സാധനങ്ങളെ സംബന്ധിച്ച വിവരം ഒരേ ദിവസം തന്നെ മേൽപറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിലൂടെ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകേണ്ടതാണ്. യോഗ്യമായ പ്രൊപ്പോസൽ ലഭിക്കുന്നവരിൽ നിന്നും First come first serve അടിസ്ഥാനത്തിൽ പ്രസ്തുത സാധനങ്ങൾ ടി സ്ഥാപനങ്ങൾക്ക് വിൽപ്പന നടത്തുന്നതിന് അനുമതി നൽകുന്നു. എംപാനൽ ചെയ്യുന്നതിന് മറ്റ് സ്ഥാപനങ്ങൾക്ക് ഉടൻ തന്നെ ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിയ്ക്കാവുന്നതാണ് എന്നും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ. ആർ ജ്യോതിലാൽ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരളം, തിരുവനന്തപുരം.
3) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
4) എല്ലാ വകുപ്പ് തലവന്മാർക്കും.

5) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.

6) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മേധാവിമാർ

7) എല്ലാ ജില്ലാ കളക്ടർമാർക്കും.

8) നിയമസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

9) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

10) പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

11) ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി

12) നോഡൽ ഓഫീസർ (www.finance.kerala.gov.in).

13) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

14) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-2638292)

ഉത്തരവിൻ പ്രകാരം

Anitha

സെക്ഷൻ ഓഫീസർ